പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4790 18.12.2014-ലെ മറുപടിക്ക്

## വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി അടയ്ക്കാൻ സൗകര്യം

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കുരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് നടന്ന ഉന്നത തലയോഗ തീരുമാനപ്രകാരം പ്രത്യേക സർവ്വെ ടീം രൂപീകരിച്ചിട്ടുണ്ടോ; | (ബി) | റവന്യൂ/വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പ്രത്യേക സർവ്വെ ടീം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സർവ്വെ ടീം വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയോ ; | (സി) | 2015 ഫെബ്രുവരി 5 ന് മുൻപ് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ നൽകുന്നതിനും ഇനിയും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | 01/01/1977 ന് മുമ്പ് വനഭൂമി കൈവശം വെച്ചുവരുന്നവരുടെ ഭൂമിയുടെ അതിർത്തി തിരിച്ച് കല്ലിടൽ പ്രവൃത്തി പൂർത്തിയാകുന്നതോടെ കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ നൽകുന്നതിനുമുള്ള തടസ്സങ്ങൾ നിങ്ങുന്നതാണ്. |
| (ഇ) | പ്രസ്തുത നടപടികൾ പെട്ടെന്ന് പൂർത്തിയാക്കാൻ നിർദ്ദേശിക്കാമോ ? | (ഇ) | 2015 ഫെബ്രുവരി 5 ന് മുൻപ് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ